**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 888** — **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി നടത്തിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എ. രാജ,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗക്കാരുടെ ഭക്ഷ്യ സുരക്ഷയ്ക്കും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുമായി നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികവർഗ്ഗക്കാരുടെ ഭക്ഷ്യ സുരക്ഷയ്ക്കും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1) ഭക്ഷ്യ സുരക്ഷ പദ്ധതി<br><br>പട്ടികവർഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടികവർഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. മൺസൂൺ, പ്രകൃതിക്ഷോഭങ്ങൾ, അത്യാഹിതങ്ങൾ തുടങ്ങി പട്ടികവർഗക്കാർക്ക് തൊഴിലില്ലാത്ത സമയങ്ങളിൽ അവർക്കു പോഷകാഹാരവും ഭക്ഷ്യസുരക്ഷയും ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു.<br><br>2) ജനനി ജൻമ രക്ഷ പദ്ധതി<br><br>പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം പ്രദാനം ചെയ്യുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം പ്രതിമാസം 2000/- രൂപ വീതം ,ഗർഭം ധരിച്ച് 3 മാസം മുതൽ കുട്ടിയ്ക്ക് 1 വയസ്സ് ആകുന്നത് വരെ 18 മാസത്തേയ്ക്ക് 36,000/- രൂപ ധനസഹായം നൽകുന്നു. |
| (ബി) | 2016 മുതൽ 2025 വരെ ഭക്ഷ്യസഹായ പദ്ധതിക്കായി ചെലവഴിച്ച തുകയുടെ, വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | 2016 മുതൽ 2025 വരെ ഭക്ഷ്യസഹായ പദ്ധതിക്കായി ചെലവഴിച്ച തുകയുടെ, വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|---|

<table>
<tr><td></td><td></td><td></td><td>

| | | | |
|---|---|---|---|
| 1 | | 2016-17 | 149720000 |
| 2 | | 2017-18 | 249733557 |
| 3 | | 2018-19 | 248137115 |
| 4 | | 2019-20 | 177510541 |
| 5 | | 2020-21 | 20000000 |
| 6 | | 2021-22 | 214562349 |
| 7 | | 2022-23 | 219811879 |
| 8 | | 2023-24 | 125725157 |
| 9 | | 2024-25 | 226327565 |
| 10 | | 2025-26 | 159974085 |

</td></tr>
<tr><td>(സി)</td><td>ആധുനിക തൊഴിൽ മേഖലകളിൽ പട്ടിക - ഗോത്ര വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് വികസന മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;</td><td>(സി)</td><td>

അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവാക്കൾക്ക് അവരവരുടെ താല്പര്യമനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃത പരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി ചേർന്ന് വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയോ ചെയ്യുന്നതിന് ചുവടെ പരാമർശിക്കും പ്രകാരം ആധുനിക തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടത്തി വരുന്നുണ്ട്. കൂടാതെ TRACE (Training for Career Excellence) പദ്ധതിയുടെ ഭാഗമായി സർക്കാർ മേഖലയിൽ നിരവധി പട്ടിക വർഗ്ഗ യുവതീ യുവാക്കൾ മികച്ച ഹോണറേറിയം നിരക്കിൽ സേവനമനുഷ്ഠിച്ചുവരുന്നു.

ഏവിയേഷൻ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ

- ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ

ഡിജിറ്റൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ

ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ

നിർമ്മാണ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ

അഭിഭാഷക ധനസഹായ പദ്ധതി

പൈലറ്റ് പരിശീലന ധനസഹായ പദ്ധതി

സിവിൽ സർവീസ് പരിശീലന ധനസഹായ പദ്ധതി

</td></tr>
</table>

| | | | |
|---|---|---|---|
| | | | ട്രൈബൽ പാരാമെഡിക് ട്രെയിനി പദ്ധതി<br><br>ഉന്നതി - വിദേശ പഠന സഹായ പദ്ധതി<br><br>സർക്കാർ ആഭിമുഖ്യത്തിലുള്ള തൊഴിൽ മേഖലകൾ പരിചയപ്പെടുന്നതിന്റെ ഭാഗമായി സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ബിരുദധാരികളായ അക്രെഡിറ്റഡ് എഞ്ചിനീയർമാരെയും നിയമിച്ച് പരിശീലനം നൽകി വരുന്നു. |
| (ഡി) | പട്ടിക- ഗോത്ര വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | നൈപുണ്യ വികസന പരിശീലന പദ്ധതിക്കായി (2225-02-277-42 (പ്ലാൻ) Assistance for Self Employment and skill Development training for ST youths) ശീർഷകത്തിൽ 9 കോടി രൂപയും ഏവിയേഷൻ മേഖലയിലെ പരിശീലനങ്ങൾക്കായി (2225-02-277-24 (പ്ലാൻ) ശീർഷകത്തിൽ 1 കോടി രൂപയും നടപ്പ് വർഷം വകയിരുത്തിയിട്ടുണ്ട്.<br><br>ഐ.ടി.ഐ പഠനം പൂർത്തിയാക്കിയ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലന്വേഷകരെ അവരുടെ തൊഴിൽ താൽപര്യം പരിഗണിച്ചുകൊണ്ട് ആധുനിക നൈപുണ്യ പരിശീലനത്തിലൂടെ തൊഴിലിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രത്യേക പരിശീലന പരിപാടിയായ 'ഉന്നതി-വിജ്ഞാനകേരളം' എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ